(ബി) എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിന്റെ 2-ാം ഘട്ട പ്രവർത്തികൾക്കായി 17-7-2013-ൽ ടെണ്ടർ ക്ഷണിച്ചുവെങ്കിലും ഒറ്റ ടെണ്ടർ മാത്രം ലഭിച്ചതിനാൽ നിരാകരിക്കുകയും 05.08.2013-ൽ വീണ്ടും ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. അതിൻപ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 19.8% കൂടിയ റേറ്റിൽ ലഭിച്ച കെ.എസ്.സി.സി.-യുടെ ഒറ്റ ടെണ്ടർ അംഗീകരിച്ചുവെങ്കിലും ഫോം പിരീഡ് കഴിഞ്ഞതിനാൽ കെ.എസ്.സി.സി. ആയതിൽ നിന്നും പിൻമാറി. പിന്നീട് 17-2-2014-ൽ ക്വട്ടേഷനുകൾ ക്ഷണിച്ചതു പ്രകാരം ലഭ്യമായ 2 ക്വട്ടേഷനുകളിൽ ഏറ്റവും കറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ജെ.അബ്ദുൾ വാഹീദിന്റെ ടെണ്ടർ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 33.786% കൂടിയ നിരക്ക് അംഗീകരിച്ചുകൊണ്ട് 8-8-2014-ൽ ഉത്തരവ് നൽകിയെങ്കിലും, ഫോം പിരീഡ് കഴിഞ്ഞതിനാൽ ആയതു ദീർഘിപ്പിക്കുവാനായി കോൺട്രാക്ടർക്ക് 11-9-2014, 30-9-2014, 4-12-2014 എന്നീ തീയതികളിൽ തിരുവനന്തപുരം ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ കത്തു നൽകിയിരുന്നുവെങ്കിലും കോൺട്രാക്ടർ പ്രതികരിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

4 ജി ഒപ്റ്റിക്കൽ കേബിളിടാൻ റിലയൻസിന് അനുവാദം

357(3282) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് വക റോഡുകൾ കുത്തിപ്പൊളിച്ച് 4 ജി ഒപ്റ്റിക്കൽ കേബിളിടാൻ റിലയൻസിന് അനുവാദം നൽകിയിരുന്നുവോ ; എങ്കിൽ എപ്പോൾ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധമായി ആക്ഷേപം ഉയർന്നു വന്നപ്പോൾ ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; നൽകിയ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) 4 ജി കേബിളിടുന്നതിന്റെ വാടകയും യൂസർഫീയും തീരുമാനിച്ചതിന് ശേഷമാണോ കേബിളിടാൻ അനുമതി നൽകിയിരുന്നത് ; ഭരണതലത്തിൽ ഉന്നതരായവരുടെയെല്ലാം അറിവോടുകൂടിയാണോ സെക്രട്ടറി റിലയൻസിന് അനുമതി നൽകിയത് ;

(ഡി) റിലയൻസ് സംസ്ഥാനത്ത് ഏതെല്ലാം റോഡുകളിലാണ് ഇതിനകം കേബിളുകൾ ഇട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടതിന് ശേഷവും ഇപ്പോഴും റിലയൻസ് കേബിൾ ഇട്ടുകൊണ്ടിരിക്കുന്നതായി അറിയാമോ ; ഇത് സർക്കാർ തടഞ്ഞിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) വിവരസാങ്കേതിക വകുപ്പിൽ നിന്നും 14-6-2013-ൽ പുറപ്പെടുവിച്ച സ.ഉ.(എം.എസ്)നമ്പർ16/2013/വി.സാ.വ.,11-10-2013-ൽ പുറപ്പെടുവിച്ച സ.ഉ (എം.എസ്)നമ്പർ 30/2013/വി.സാ.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കേരളത്തിലൂടനീളം 3306.26 കി.മീ.ദൂരത്തിൽ ഒപ്പിക്കൽ ഫൈബർ കേബിൾ ഇടുവാനുള്ള അനുമതി M/s.Reliance Jio Inforcomm ന് നൽകിയിട്ടുണ്ട്.

(ബി&സി) 8-11-2000 തീയതിയിലെ ജി.ഒ (എം.എസ്.)നമ്പർ 18/2000/ ഐ.ടി.ഡി., 20-1-2001-ലെ ജി.ഒ.(എം.എസ്)2/2001/ഐ.ടി.ഡി എന്നീ ഉത്തരവുകൾ പ്രകാരം ഇക്കാര്യത്തിൽ മന്ത്രിസഭയുടെ അംഗീകാരത്തോടെ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിൽ, ജി.ഒ.(എം.എസ്)നമ്പർ. 18/2000/ ഐ.ടി.ഡി

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം അനുമതി നൽകുന്നതിനായി ഒരു കമ്മിറ്റി ഓഫ് സെക്രട്ടറീസ് രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് ROW(Right of Way) അനുമതികൾ നൽകുന്നത്.

കേബിളിടുന്നതിനായി ഐ.ടി.വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അന്തിമമായി കരുതണമെന്നും ഇതിനായി ഓരോ വകുപ്പും പ്രത്യേകം ഉത്തരവുകൾ പുറപ്പെടുവിക്കേണ്ട ആവശ്യമില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ യൂസർഫീയും വാടകയും പൊതുമരാമത്ത് വകുപ്പിന് ഈടാക്കാവുന്നതാണെന്നും ഇതിൽ ഉത്തരവായിട്ടുണ്ട്. യൂസർഫീയുടെയും വാടകയുടെയും നിരക്ക് നിശ്ചയിക്കുന്നതിന് ഇപ്പോഴത്തെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഐ.ടി.വകുപ്പ് അനുമതി ലഭിച്ചതിനു ശേഷവും G.O.(M.s)No.88/2013/PWD dated 29-10-2013, G.O.(M.s)No.89/2013/PWD dated 5-11-2013 എന്നീ ഉത്തരവുകൾ നടപടിക്രമങ്ങൾ പാലിക്കാതെയും വകുപ്പുമന്ത്രിയുടെ അനുമതിയില്ലാതെയും പി.ഡബ്ല്യു.ഡി. സെക്രട്ടറി പുറപ്പെടുവിച്ചു. ഇത്തരം ഒരു ഉത്തരവ് ഇറക്കിയതിന്റെ സാംഗത്യം പരിശോധിക്കാൻ ചീഫ് സെക്രട്ടറിയോട് മന്ത്രി ആവശ്യപ്പെട്ടു. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയിൽ നിന്നും ചീഫ് സെക്രട്ടറി വിശദീകരണം തേടിയതിനെ തുടർന്ന് മേൽപ്പറഞ്ഞ ഉത്തരവുകൾ റദ്ദാക്കുകയുണ്ടായി.

(ഡി) റിലയൻസ് കേബിളുകൾ ഇട്ടിരിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) ഇക്കാര്യം സംബന്ധിച്ച IT-ഡിപ്പാർട്ട്മെന്റ് ഇറക്കിയ ഉത്തരവുകളനുസരിച്ച് ഓപ്പിക്കൽ ഫൈബർ കേബിൾ ഇടുന്ന ഏജൻസികൾക്ക് റോഡ് കട്ട് ചെയ്യുന്നതിന് ഓരോ വകുപ്പിന്റെയും പ്രത്യേക അനുമതി ആവശ്യമില്ലെന്ന്

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായിട്ടുണ്ട്. അതിൻ പ്രകാരം നിർദ്ദിഷ്ട നിബന്ധനകൾക്ക് വിധേയമായി ബാങ്ക് ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ കമ്പനി ഇപ്പോൾ റോഡിൽ കേബിളുകൾ ഇട്ടുനൽകുന്നുണ്ട്.

കാസർഗോഡ് ജില്ലയിലെ PWD റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ

358(3283) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ PWD റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ :

(ബി) റോഡുകളുടെ 2014-15 വർഷത്തെ റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്ത് തീർക്കാത്ത എത്ര റോഡുകൾ ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ PWD റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ വാർഷിക അറ്റകുറ്റ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 470.50 ലക്ഷം രൂപയുടെ 119 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിട്ടുണ്ട്. ടാർ ലഭ്യത കുറവായതിനാൽ പ്രവൃത്തികൾ മുഴുവൻ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ടാറിന്റെ ലഭ്യതയ്ക്കനുസരിച്ച് പാച്ച്‌വർക്കുകൾ ചെയ്തുകൊണ്ടിരിക്കുകയാണ്. 65 റോഡുകൾ പാച്ച് വർക്കുകൾ ചെയ്തു തീർക്കുവാനുണ്ട്. അവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ 27.76 കി.മീ. ദൈർഘ്യമുള്ള കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിന്റെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പൂർത്തിയായി വരുന്നു. ഈ റോഡിന്റെ അറ്റകുറ്റപണികൾ

LIBRARY ARCHIVES Kerala Legislative Assembly